

ടച്ച് മീ
MY LORD AND MY GOD
TOUCH ME
ജൂൺ 2025


20th
ANNIVERSARY
12-06-2025
Rajesh Rocky
Roshiyo Rajesh
Thalakkottoor House
Guruvayur Road, Kunnamkulam
Sharing Happiness : Dear & Near


ESTD : 1747

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 17 | 2025 ജൂൺ | ലക്കം : 10

സെൻ്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567
എഡിറ്റർ
**ജോണി ബെപ്പോ**
93493 79009
സബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771
**എം.കെ. ദേവസ്സി**
94953 28758
**ജോൺസൺ പാവു**
94476 54230
സെക്രട്ടറി, ഇടവക PRO
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com
ട്രഷറർ
**എം.എൽ. സുനിൽ**
98464 34411
അംഗങ്ങൾ
ഡോ. പോൾ സി. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053
കൈക്കാരന്മാർ
പേൾജു ബി. ചുങ്കത്ത് 98470 31110
കെ.ജി. ബാബു 99619 99487
സി.എൻ. ഇമ്മാനുവേൽ 95390 30439

## താളുകൾ മറിയ്ക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വിശ്വാസപരിശീലനം | 9 |
| സെൻ്റ് ആൻ്റണീസ് വാർഷികം | 10 |
| സഭാവാർത്തകൾ | 11 |
| തിരുഹൃദയത്തെ അടുത്തറിയാം | 13 |
| വഴിവിളക്ക് | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| സംഘടനാ വാർത്തകൾ | 18 |
| ചരിത്ര നിമിഷം | 20 |
| ഇടവക ആൽബം | 22 |
| മിഴിവിളക്ക് | 25 |
| വെള്ളപ്പാണ്ട് | 27 |
| നിറംകൊടുക്കാമോ | 29 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |

## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

തിരുഹൃദയ ഭക്തി ! ജൂൺ മാസത്തിന്റെ സൗന്ദര്യം. ജൂൺമാസം തിരുഹൃദയ നാഥനോടുള്ള വണക്കമാസം എന്നാണ് കത്തോലിക്കാ വിശ്വാസികൾ വിളിക്കുന്നത് .തിരുഹൃദയ ഭക്തി ആരംഭിക്കുന്നത് 1672 ലാണ് .ഫ്രാൻസിൽ വിസിറ്റേഷൻ സന്യാസിനി സഭാംഗമായ മാർഗ്രറ്റ് മേരി അലക്കോക്ക് എന്ന സന്യാസിനിക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ടാണ് യേശു തന്റെ തിരുഹൃദയത്തോടുള്ള ഭക്തിയെക്കുറിച്ച് വിശദീകരിക്കുന്നത് .ജീവൻ നൽകുവോളം സ്നേഹത്തെ വിശുദ്ധീകരിച്ചവൻ ഹൃദയം പിളർന്നു നൽകിക്കൊണ്ട് പറഞ്ഞു. 'അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും ആയ നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഭാരപ്പെടുത്തുന്നതൊന്നും പ്രിയപ്പെട്ടവർക്ക് നൽകാതെ സ്വയം ഏറ്റെടുക്കാൻ കഴിയുന്നത് തിരുഹൃദയത്തിന് മാത്രമാണ് . കുത്തി തുറക്കപ്പെട്ട ഹൃദയത്തിൽ അവൻ മനുഷ്യ സങ്കടങ്ങളെ മുഴുവൻ ചേർത്തുവച്ചു . ആർക്കും തകർക്കാനാവാത്ത വിധം സ്നേഹത്തെ അവൻ ബലപ്പെടുത്തി. തിരുഹൃദയം, സ്നേഹിക്കാനും ക്ഷമിക്കാനും വീണ്ടും വീണ്ടും ചേർത്തണയ്ക്കാനും കാത്തിരിക്കാനും കഴിയുന്ന ഹൃദയമാണ്. സ്നേഹിച്ചതിന്റെ പേരിൽ മുറിവുകളും മുറിപ്പാടുകളും ഏറ്റെടുത്തുകൊണ്ട് മാനവകുലത്തിന് ജീവൻ നൽകുന്ന ഹൃദയം. ഹൃദയം സ്നേഹത്തിന്റെ ചിഹ്നമാണ് .ത്യാഗത്തിന്റെ മുദ്രകൾ പതിച്ച് ഹൃദയസ്പന്ദനങ്ങൾ അതിൽ നൃത്തം ചെയ്യുന്നു.

എനിക്കുള്ളത് എനിക്കും നിനക്കുള്ളത് നിനക്കും എന്ന് പറയുന്ന ലോകത്തിന്റെ നിർവചനങ്ങൾക്കപ്പുറത്ത് എന്റേതും കൂടി നിന്റേതാണെന്ന് പറഞ്ഞുകൊണ്ട് നിരന്തരം സ്നേഹിക്കുന്ന ഹൃദയമാണ് തിരുഹൃദയം. നമുക്കിന്ന് നഷ്ടമായത് സ്നേഹിക്കുന്ന ഹൃദയമാണ്. വിതയ്ക്കാത്തിടത്തു നിന്നും ശേഖരിക്കാനും വിതറാത്തിടത്തുനിന്നും കൊയ്യാനും ആഗ്രഹിക്കുന്നവരാണ് ഇന്നിന്റെ മക്കൾ. ശുദ്ധതയില്ലാത്ത സ്നേഹബന്ധങ്ങളുടെ ശൂന്യതയിലേക്കാണ് നാമൊക്കെ ഇന്ന് യാത്ര ചെയ്യുന്നത്. സ്നേഹത്തിന്റെ നേർരേഖകളിൽ നിന്നും വ്യതിചലിച്ച് കപടതയുടെ പൊയ്മുഖങ്ങളണിഞ്ഞ് ഹൃദയത്തിൽ വഞ്ചനനിറച്ച് വഞ്ചനയുടെ ചുംബനം നൽകി സ്നേഹം അതിന്റെ അഗാധതയെ നഷ്ടപ്പെടുത്തി കൊണ്ടിരിക്കുന്നു. പരസ്പരം ഭിന്നിച്ചും കലഹിച്ചും വ്യത്യസ്ത മുഖംമൂടികൾ ധരിച്ചുമാണ് നമ്മുടെയൊക്കെ യാത്ര. ഈ ലോകത്തിന്റെ സന്തോഷവും സ്വാതന്ത്ര്യവും സംരക്ഷണവും നമുക്ക് അന്യമാകുമ്പോൾ സ്വന്തം വ്യക്തി ബന്ധങ്ങൾ വിട്ടുപോകുമ്പോൾ തെറ്റിദ്ധാരണയുടെയും കുറ്റാരോപണങ്ങളുടെയും കോടതിയിൽ നിർത്തി ചോദ്യമുയർത്തി നീറ്റൽ അനുഭവിക്കുമ്പോൾ മുൻവിധിയുടെ വാൾമുനയിൽ വ്യക്തിത്വം വെച്ച് നീട്ടപ്പെടുമ്പോൾ വിജനമായിത്തീരുന്ന ജീവിതത്തെ വിളയുന്ന നിലമാക്കി തീർക്കാൻ തിരുഹൃദയ ത്തണലിൽ നമുക്കായിരിക്കാം.എന്റെ കുഞ്ഞേ, കരയരുതേയെന്ന ചങ്കിടിപ്പോടെ നാഥൻ നമ്മുടെ വാതിലിൽ മുട്ടിനിൽക്കുന്നു .നമുക്ക് തുറന്നു കൊടുക്കാം. സ്നേഹത്തോടെ അവൻ പ്രവേശിക്കട്ടെ.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



## ഇടയമൊഴി

# ദൈവ തിരുമനസ്സ്

"യേശു പറഞ്ഞു : എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ. 4:34)

യേശുവിൽ ഈ ജീവിതശൈലിയാണ് എന്നിൽ നിന്ന് അവിടന്ന് പ്രതീക്ഷിക്കുന്നത്. അവിടുത്തെ ഹിതം നിറവേറ്റി ഓരോ നിമിഷവും പരിശുദ്ധ അമ്മയെപ്പോലെ ആമേൻ പറയുക. ദൈവഹിതം നിറവേറ്റുമ്പോൾ കൃപയൊഴുകും; പരിശുദ്ധ ആത്മാവ് ആവസിക്കും.

കുരിശുമരണം വരെ പിതാവിന്റെ ഹിതം നിറവേറ്റിയ ഈശോയേ, അനുദിന ജീവിതത്തിൽ ഓരോ നിമിഷവും അങ്ങേ ഹിതം വിവേചിത്തറിഞ്ഞ് അത് മാത്രം നിറവേറ്റാൻ ഞങ്ങളെ ഓരോരുത്തരേയും അങ്ങേ ആത്മാവിനാൽ പൂരിതമാക്കണമേ.

സാധിക്കുമെങ്കിൽ വായിക്കുക
1) യോഹ 4/34, (2) ലൂക്കാ 1/38, (3) സങ്കീ 40/48, (4) മത്ത 6/33
(5) മത്ത 7/21, (6) മത്ത 12/50, (7) യോഹ 2/17, (8) സുഭാ 16/1
(9) നിയമ 27/10, (10) സങ്കീ 25/12, (11) സങ്കീ 143/10, (12)മർക്കോ 3/35
(13) റോമ 12/2, (14) എഫേ 5/10, (15) എഫേ 5/17

ദൈവതിരുമനസ്സ് മാത്രം നിറവേറ്റപ്പെടുവാൻ ഏവരും പ്രത്യേകം പ്രാർത്ഥിക്കണേ...

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# ഇടവക വാർത്തകൾ

**ജൂൺ 1 ഞായർ : വിശ്വാസ പരിശീലന അദ്ധ്യയന വർഷാരംഭം, സ്നേഹോത്സവം 2025 & പി.ടി.എ. പൊതുയോഗം**

| | |
|---|---|
| 6.00 am | : വി. കുർബാന & തിരുഹൃദയ വണക്കമാസാരംഭം |
| 7.30 am | : വിശ്വാസപരിശീലന അദ്ധ്യയനവർഷാരംഭം, സ്നേഹോത്സവം 2025 |
| 9.00 am | : വി. കുർബാന |
| 3.00 am | : വിശ്വാസപരിശീലന പി.ടി.എ. പൊതുയോഗം 2025 |

**ജൂൺ 4 ബുധൻ : ഇടവക ചെറിയ തിരുനാൾ ഒരുക്ക തിരുമണിക്കൂർ ആരാധന & നേർച്ച ഒരുക്കൽ**

| | |
|---|---|
| 10.30 am | : ഇടവക ചെറിയ തിരുനാൾ ഒരുക്ക തിരുമണിക്കൂർ ആരാധനയോടെ ചെറിയ തിരുനാൾ നേർച്ച ഒരുക്കൽ & മദ്ധ്യസ്ഥ പ്രാർത്ഥന |

**ജൂൺ 5 വ്യാഴം : പരിസ്ഥിതി ദിനാചരണം**

| | |
|---|---|
| 7.15 am | : പച്ചക്കറി വിത്ത് കിറ്റ് വിതരണം (നേതൃത്വം : യൂത്ത് സി.എൽ.സി.) |
| 7.30 am | : വൃക്ഷതൈ നടൽ (നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്) |

**ജൂൺ 6 വെള്ളി : മാസാദ്യവെള്ളി രണ്ടാം വെള്ളിയാചരണം & ഇടവക ചെറിയ തിരുനാൾ കൊടിയേറ്റം 2025**

| | |
|---|---|
| 6.00 am | : വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ് & നൊവേന, പരിഹാര ജപം, പ്രതിഷ്ഠ |
| 6.30 am | : ഇടവക ചെറിയ തിരുനാൾ കൊടിയേറ്റം & ഒന്നാംദിന ഒരുക്ക കുർബ്ബാന & നേർച്ചവിതരണം. |
| 6.30 pm | : സെന്റ് ആന്റണീസ് കപ്പേളയിൽ ചെറിയ തിരുനാൾ കൊടിയേറ്റം & ആരാധനയോടെ ലദ്ദീഞ്ഞ്, നൊവേന & നേർച്ച വിതരണം. |

NB : ജൂൺ 6 മുതൽ 12 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ 6.30ന് (ഞായറാഴ്ച രാവിലെ 6ന്) ദൈവാലയത്തിൽ വിശുദ്ധ കുർബാനയും, വൈകീട്ട് 6.30ന് കപ്പേളയിൽ ആരാധനയോടെ ലദ്ദീഞ്ഞും നൊവേനയും തിരുനാൾ ഒരുക്ക ശുശ്രൂഷയുടെ ഭാഗമായി ഉണ്ടായിരിക്കുന്നതാണ്.

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# ഇടവക ചെറിയ തിരുനാൾ

## വി. അന്തോണീസിന്റെ തിരുനാൾ ജൂൺ 13ന്
## കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ



2025 ജൂൺ 6 വെള്ളി – തിരുനാൾ കൊടികയറ്റം
രാവിലെ 6.30ന് : ഇടവക ദൈവാലയത്തിൽ
വൈകീട്ട് 6.30ന് : സെന്റ് ആന്റണീസ് കപ്പേളയിൽ

2025 ജൂൺ 6 മുതൽ 12 വരെ രാവിലെ 6.30ന്
ഇടവക ദേവാലയത്തിൽ തിരുനാളിന് ഒരുക്കമായി
വി. കുർബാന | നേർച്ച വിതരണം

2025 ജൂൺ 6 മുതൽ ജൂൺ 12 വരെ വൈകീട്ട് 6.30ന്
സെന്റ് ആന്റണീസ് കപ്പേളയിൽ
ലദ്ദീഞ്ഞ് | നൊവേന | നേർച്ച വിതരണം

**ജൂൺ 13 വെള്ളി – തിരുനാൾ ദിനം**

രാവിലെ 6.30ന് ഇടവക ദൈലാവയത്തിൽ
ആഘോഷമായ തിരുനാൾ കുർബാനയും, സന്ദേശവും
തുടർന്ന് സെന്റ് ആന്റണീസ് കപ്പേളയിലേക്ക്
ബൈക്ക് റാലിയുടെ അകമ്പടിയോടെ
വി. അന്തോണീസിന്റെ തിരുശ്ശേഷിപ്പ് എഴുന്നെള്ളിപ്പ്

വൈകീട്ട് 6.30ന് സെന്റ് ആന്റണീസ് കപ്പേളയിൽ
ആരാധനയോടെ തിരുനാൾ വേസ്പര
കുഞ്ഞന്തോണിമാരുടെ പ്രസുദേന്തി വാഴ്ച
ആഘോഷമായ തിരുശേഷിപ്പ് പ്രയാണം
വർണ്ണമഴ | നേർച്ചഊട്ട് കിറ്റ് വിതരണം





# Solemn Holy Communion

# Evan Johnson

S/o. Johnson C.L.
& Femi Johnson
Cheeran House - Kakkad



*Best Compliments From*

**Evelyn Johnson**



**ജൂൺ 8 ഞായർ : പന്തക്കുസ്ത തിരുനാൾ, വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ & സർഗവേദി അദ്ധ്യയനവർഷാരംഭം & സാവിയോ പരിശീലന കളരി**

| | |
|---|---|
| 6.00 am | : പന്തക്കുസ്ത തിരുനാൾ പ്രാർത്ഥന, തിരുനാൾ കുർബാന, സന്ദേശം & നേർച്ചവിതരണം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്) |
| 7.30 am | : വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ & സർഗ്ഗവേദി അദ്ധ്യയന വർഷാരംഭം |
| 9.00 am | : വി. കുർബാന |
| 10.30 am | : അൾത്താര സംഘാംഗങ്ങൾക്ക് സാവിയോ പരിശീലന കളരി (നേതൃത്വം : അൾത്താരസംഘം) |

**ജൂൺ 13 വെള്ളി : ഇടവക ചെറിയതിരുനാൾ - വി. അന്തോണീസിന്റെ തിരുനാൾ**

| | |
|---|---|
| 6.00 am | : ആരാധനയോടെ ലദ്ദീഞ്ഞ് & നൊവേന |
| 6.30 am | : തിരുനാൾ കുർബാന, സന്ദേശം |
| 7.30 am | : കപ്പേളയിലേക്ക് ബൈക്ക് റാലിയോടെ തിരുശേഷിപ്പ് എഴുന്നെള്ളിപ്പ് & കപ്പേളയിൽ അടിമ സമർപ്പണം. |
| 6.30 pm | : കപ്പേളയിൽ തിരുനാൾ വേസ്പര, കുഞ്ഞന്തോണിമാരുടെ പ്രസുദേന്തി വാഴ്ച, തിരുശേഷിപ്പ് പ്രയാണം, വർണ്ണമഴ, നേർച്ച ഊട്ട് കിറ്റ് വിതരണം & ബാന്റ് വാദ്യം |

**ജൂൺ 14 ശനി : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

| | |
|---|---|
| 6.30 pm | : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന |

**ജൂൺ 15 ഞായർ : പരി. ത്രിത്വത്തിന്റെ തിരുനാൾ, വിശ്വാസ പരിശീലന സ്റ്റുഡൻസ് കൗൺസിൽ അദ്ധ്യനവർഷാരംഭം & ഉണർവ്വ് പരിശീലന കളരി**

| | |
|---|---|
| 6.00 am | : പരി. ത്രിത്വത്തിന്റെ തിരുനാൾ പ്രാർത്ഥന, തിരുനാൾ കുർബാന സന്ദേശം & നേർച്ച വിതരണം (നേതൃത്വം : ഗായകസംഘം) |
| 7.30 am | : വിശ്വാസ പരിശീല സ്റ്റുഡന്റ്സ് കൗൺസിൽ അദ്ധ്യയനവർഷാരംഭം |
| 9.00 am | : വി. കുർബാന |
| 10.30 am | : ജൂനിയർ സി.എൽ.സി. അംഗങ്ങൾക്ക് ഉണർവ്വ് പരിശീലന കളരി (നേതൃത്വം : ജൂനിയർ സി.എൽ.സി.) |

**ജൂൺ 19 വ്യാഴം : പരി. കുർബാന തിരുനാൾ**

| | |
|---|---|
| 6.30 pm | : പരി. കുർബാനയുടെ തിരുനാൾ പ്രാർത്ഥന, തിരുനാൾ കുർബാന സന്ദേശം & നേർച്ച വിതരണം (നേതൃത്വം : ഗായകസംഘം) |

**ജൂൺ 20 വെള്ളി : മൂന്നാം വെള്ളിയാചരണം**

| | |
|---|---|
| 6.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം |

**ജൂൺ 22 ഞായർ : വായനാദിനം & വിശ്വാസ പരിശീലന ലൈബ്രറി അദ്ധ്യയന വർഷാരംഭം & റെയിൻബോ പരിശീലന കളരി**

| | |
|---|---|
| 6.00 am | : വി. കുർബാന |
| 7.30 am | : വായനാദിനം & വിശ്വാസ പരിശീലന ലൈബ്രറിയുടെ വർഷാരംഭം |
| 9.00 am | : വി. കുർബാന |
| 10.30 am | : തിരുബാലസഖ്യ മക്കൾക്ക് റെയിൻബോ പരിശീലന കളരി (നേതൃത്വം : തിരുബാലസഖ്യം) |

**ജൂൺ 27 വെള്ളി : നാലാം വെള്ളിയാചരണം & തിരുഹൃദയ തിരുനാൾ & പ്രാർത്ഥനാഗ്രൂപ്പ് ദിനം**

| | |
|---|---|
| 6.00 am | : വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ് & നൊവേന |
| 6.30 am | : തിരുഹൃദ ലദ്ദീഞ്ഞ് & നൊവേന & പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളുടെ കാഴ്ച സമർപ്പണം, തിരുനാൾ കുർബാന, സന്ദേശം & നേർച്ച വിതരണം (നേതൃത്വം : പ്രാർത്ഥനാ ഗ്രൂപ്പ്) |
| 7.30 am | : പതാകവന്ദനം & പ്രാർത്ഥനാ ഗ്രൂപ്പ് ദിന സമ്മേളനം & ആദരണീയം & തിരുനാൾ കാരുണ്യസമർപ്പണം & സ്നേഹവിരുന്ന് (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്) |
| 7.45 am | : തിരുഹൃദയതണൽ (നേതൃത്വം : യൂത്ത് സി.എൽ.സി.) |

**ജൂൺ 28 ശനി : വിമലഹൃദയ തിരുനാൾ & കാരുണ്യയാത്ര**

| | |
|---|---|
| 6.00 am | : വിമലഹൃദയ ലദ്ദീഞ്ഞ് & നൊവേന & തിരുനാൾ കുർബാന സന്ദേശം & നേർച്ച വിതരണം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്) |
| 9.00 am | : പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളുടെ കാരുണ്യയാത്ര (നേതൃത്വം : പ്രാർത്ഥനാ ഗ്രൂപ്പ്) |

**ജൂൺ 29 ഞായർ : ജൂബിലേറിയൻസ് ഡേ & ലഹരിവിരുദ്ധ ദിനം**

6.00 am : ജൂബിലേറിയൻസ് ഡേ & വി. കുർബാന
(നേതൃത്വം : അൾത്താര സംഘം)

9.00 am : ലഹരി വിരുദ്ധ ദിനം
(നേതൃത്വം : സ്റ്റുഡന്റ്സ് കൗൺസിൽ)

10.30 am : തിരുബാലസഖ്യ സംഘടനയുടെ അംഗത്വ സ്വീകരണം
(നേതൃത്വം : തിരുബാലസഖ്യം)

11.00 am : കെ.സി.വൈ.എം. ദിനത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മകൾക്കായുള്ള മാർതോമ ക്വിസ് മത്സരം
(നേതൃത്വം : കെ.സി.വൈ.എം.)

2.00 pm : കെ.സി.വൈ.എം. ദിനത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മകൾക്കായുള്ള ഫുട്ബോൾ ടൂർണമെന്റ്
(നേതൃത്വം : കെ.സി.വൈ.എം.)

**ജൂൺ 30 തിങ്കൾ : പാവപ്പെട്ടവർക്ക് കിറ്റ് വിതരണം**

7.30 am : കെ.സി.വൈ.എം. ദിനത്തിന് ഒരുക്കമായി പാവപ്പെട്ട കുടുംബങ്ങൾക്ക് കിറ്റ് വിതരണം
(നേതൃത്വം : കെ.സി.വൈ.എം.)

**ജൂലൈ 1 ചൊവ്വ : കതിരൊളി സപ്ലിമെന്റ് പ്രകാശനം & കപ്പേളയിൽ ലദീഞ്ഞ്, നൊവേന**

6.30 am : വി. കുർബാന & കെ.സി.വൈ.എം. ദിനത്തിന് ഒരുക്കമായി കതിരൊളി സപ്ലിമെന്റ് പ്രകാശനം
(നേതൃത്വം : കെ.സി.വൈ.എം.)

6.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ് & നൊവേന

**ജൂലൈ 2 ബുധൻ : വിശ്വാസദീപ്തി എക്സ്പോ 2025**

7.30 am : കെ.സി.വൈ.എം. ദിനത്തിന് ഒരുക്കമായി വിശ്വാസദീപ്തി എക്സ്പോ 2025
(നേതൃത്വം : കെ.സി.വൈ.എം.)

**ജൂലൈ 3 വ്യാഴം : ദുക്റാന തിരുനാൾ - സെന്റ് തോമസ് ഡേ & കെ.സി.വൈ.എം. ദിനം 2025**

| | |
|---|---|
| 6.15 am | : വി. തോമാശ്ലീഹായുടെ ലദ്ദീഞ്ഞ് & നൊവേന & കെ.സി.വൈ.എം. അംഗങ്ങളുടെ കാഴ്ച സമർപ്പണം, തിരുനാൾ കുർബാന സന്ദേശം & നേർച്ചവിതരണം, കെ.സി.വൈ.എം. പതാക വന്ദനം |
| 7.30 am | : പാലയൂരിലേക്ക് വിശ്വാസ പ്രഘോഷ ബൈക്ക് റാലി (നേതൃത്വം : കെ.സി.വൈ.എം. |
| 6.30 pm | : കെ.സി.വൈ.എം. ദിന പൊതു സമ്മേളനം, കുടുംബ സംഗമം, മുതിർന്ന അംഗങ്ങൾക്ക് യാത്രയയപ്പ്, വിശ്വാസ പരിശീലന മികവിന് ആദരം, സമ്മാനവിതരണം, കലാവിരുന്ന് & സ്നേഹ വിരുന്ന് (നേതൃത്വം : കെ.സി.വൈ.എം.) |

**ജൂലൈ 4 വെള്ളി : മാസാദ്യവെള്ളി & അഞ്ചാം വെള്ളിയാചരണം**

| | |
|---|---|
| 6.00 am | : ആരാധന, കുമ്പസാരം, കരുണകൊന്ത |
| 6.30 am | : വി.കുർബാന, പരിഹാരജപം, പ്രതിഷ്ഠ, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം |

**ജൂലൈ 5 ശനി : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

| | |
|---|---|
| 6.30 pm | : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന |

**ജൂൺ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ജൂൺ 1 ഞായർ | മേരി മാതാ കുടുംബകൂട്ടായ്മ |
| ജൂൺ 8 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ജൂൺ 15 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| ജൂൺ 22 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| ജൂൺ 29 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |





# Solemn Holy Communion




## *Cian Biju*


S/o. Biju & Giji Biju
Chungath House, Kunnamkulam



***Best Compliments From : Ammichi Juncy & familyCiju & familySibi & family***



Solemn Holy
Communion
Hannah
Charles
Happy
Birthday
Hannah Charles
(09/06/25)
Caitlin Charles
(05/06/25)
D/o. Charles & Mariya
Ellikkal House, Manthottam (via)
Kizhur - Kunnamkulam
Sharing Happiness : Vivin Paul, Ancy, Shajan, Shanitha, Roshan, Sariya, Rayhaan






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമാണല്ലോ? നമ്മൾ പുതിയ ഒരു അധ്യയന വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പുതിയ ക്ലാസ്സിൽ എത്തിയതിന്റെ സന്തോഷം എല്ലാവർക്കും ഉണ്ടല്ലോ? പുതിയ അധ്യാപകർ, പുതിയ പുസ്തകങ്ങൾ, എല്ലാം പുത്തൻ മയം. നമ്മൾ പുതിയതായോ! അതോ കഴിഞ്ഞ വർഷത്തേതുപോലെ തന്നെയാണോ? സ്വയം പുതുക്കുകയെന്നത് ഓരോ വ്യക്തിയുടേയും കടമയാണ്.

ശിശിരത്തിൽ ഇലകൊഴിച്ച് തടിയും ശിഖരങ്ങളുമായി നില്ക്കുന്ന മരങ്ങൾ കണ്ടിട്ടില്ലേ? അതു കഴിഞ്ഞാൽ പുതിയ തളിരുകളുമായി അവ പൂർവ്വാധികം കരുത്തോടെ ഉയർന്നുവരും. ചില ജീവികളുടെ ശിശിര നിദ്രയെക്കുറിച്ചു കേട്ടിട്ടില്ലേ? ആറുമാസത്തോളം നീണ്ട ഉറക്കം കഴിഞ്ഞാൽ അവ പുതിയ ഉണർവ്വോടെ പുറത്ത് വരും.

അതുപോലെ ഒരു അവധിക്കാലം കഴിഞ്ഞ് സ്വയം പുതുക്കിയ വ്യക്തികളായി നമുക്കു തിരിച്ചെത്താം. കഴിഞ്ഞ വർഷത്തിൽ നമ്മുടെ കയ്യിൽ നിന്നുണ്ടായ കുറവുകളും വീഴ്ചകളും തിരുത്തി പുതിയ വർഷത്തിൽ, പുതിയ ക്ലാസ്സിൽ നമുക്കു പുതിയ വ്യക്തികളാകാം.

നല്ല ഒരു അധ്യയന വർഷം ആശംസിച്ചുകൊണ്ട്

സ്നേഹത്തോടെ
ലില്ലി ടീച്ചർ

# സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ വാർഷികം





സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ വാർഷികം മെയ് 18 ഞായറാഴ്ച സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാളിൽ) സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചിറളയം ഹോളിചൈൽഡ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ബെൻസി സി.എം.സി. വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സി.എം. സാംസൺ സ്വാഗതവും, വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. കുടുംബകൂട്ടായ്മയുടെ ആനിമേറ്റർമാരായ ചിറളയം HCCGUP സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ അൻസ ജോസ് സി.എം.സി., ഇടവക കൈക്കാരൻ സി.എൻ. ഇമ്മാനുവേൽ, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി, ഇടവക പി.ആർ.ഒ. വി.സി ജോസി, മേരിമാത കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.ജെ. സുനിൽ, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.എ. ജോസ്, സെന്റ് തോമസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് പോയിസ് ജേബി, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രതിനിധി എം.എൽ. മാണി, ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകൾ നേർന്നു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പൂവർ ഫണ്ടിലേക്ക് സംഭാവന നൽകി. വിവാഹത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ജെയ്മി-ജിൽസി, ജോൺസൺ-ജെന്നി ദമ്പതികളെ മൊമന്റോ നൽകി ആദരിച്ചു. കുടുംബകൂട്ടായ്മ യോഗങ്ങളിൽ മുടങ്ങാതെ പങ്കെടുത്ത 6 കുടുംബങ്ങളേയും ആദരിച്ചു. യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും കലാപരിപാടികളും സമ്മാനദാനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ വൈസ് പ്രസിഡണ്ട് പി.ആർ. സജി നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക ആഘോഷങ്ങൾ സമാപിച്ചു.



# സഭാ വാർത്തകൾ

**അമേരിക്കയുടെ ആദ്യ പാപ്പയെ അനുമോദിച്ച് ഷിക്കാഗോ! ജൂൺ 14 നു മഹത്തായ ആഘോഷങ്ങളുമായി ഷിക്കാഗോ അതിരൂപത**

കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ആദ്യത്തെ അമേരിക്കൻ വംശജനായ പോപ്പ് ലിയോ XIVന്റെ തിരഞ്ഞെടുപ്പിനെആഘോഷിക്കുകയാണ് ജന്മനാട്. പാപ്പയുടെ സ്വന്തം ഷിക്കാഗോ അതിരൂപത ജൂൺ 14-ന് റേറ്റ് ഫീൽഡിൽ ഒരു മഹത്തായ ആഘോഷവും ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുക്കുന്ന ദിവ്യബലിയും നടത്താനൊരുങ്ങുകയാണ്. അന്നേ ദിനം ഷിക്കാഗോ അതിരൂപത ഒട്ടാകെ "ജീവിതത്തിൽ ഒരിക്കൽ മാത്രം പങ്കെടുക്കാൻ സാധിക്കുന്ന മഹത്തായ ആഘോഷത്തിനായി" വൈറ്റ് സോക്സിന്റെ സ്റ്റേഡിയത്തിൽ ഒരുമിച്ചുചേരും.

സംഗീതനിശയും ആരവങ്ങളുമായി വിപുലമായ ആഘോഷങ്ങളാണ് അതിരൂപത ഒരുക്കുന്നത്. വിശ്വാസത്തിന്റെ ശക്തമായ സന്ദേശങ്ങൾ പങ്കുവയ്ക്കുന്ന സാക്ഷ്യപത്രങ്ങൾ ഈ വിശുദ്ധ ചടങ്ങിന് കൂടുതൽ മഹത്വം നൽകും. ആഘോഷത്തിന് ഉജ്ജ്വലമായ അവസാനഘട്ടം കൃതജ്ഞതാ ദിവ്യബലി ആയിരിക്കും.

**സുപ്രധാനനിയമനങ്ങൾ നടത്തി ലിയോ പതിനാലാമൻ പാപ്പാ**

വത്തിക്കാൻ സിറ്റി: വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ പേരിൽ സ്ഥാപിതമായ, കുടുംബം, വിവാഹം എന്നിവയെ സംബന്ധിക്കുന്ന കത്തോലിക്കാ സഭയുടെ പഠനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, ജോൺ പോൾ രണ്ടാമൻ പൊന്തിഫിക്കൽ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്രാൻഡ് ചാൻസലറായി, റോമൻ രൂപതയുടെ പാപ്പായുടെ വികാരി ജനറാളും, പൊന്തിഫിക്കൽ ലാറ്ററൻ സർവ്വകലാശാലയുടെ ചാൻസലറുമായ കർദിനാൾ ബാൽദസാരെ റെയ്നയെ ലിയോ പതിനാലാമൻ പാപ്പാ നിയമിച്ചു. ഇതുസംബന്ധിച്ച അറിയിപ്പ് മെയ് മാസം പത്തൊൻപതാം തീയതിയാണ് പരിശുദ്ധ സിംഹാസനം അറിയിച്ചത്.

അതേസമയം, 2025 ജൂൺ 27 ന് ഫ്രാൻസിലെ പാരായ് ലെ മോണിയൽ തീർത്ഥാടനകേന്ദ്രത്തിൽ വച്ച് നടക്കുന്ന, വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്കിന് യേശുവിന്റെ തിരുഹൃദയ ദർശനം ലഭിച്ചതിന്റെ 35-ാം വാർഷികത്തിന്റെ സമാപനആഘോഷങ്ങളിൽ തന്റെ പ്രത്യേക പ്രതിനിധിയായി അജാക്സിയോ രൂപതയുടെ മെത്രാൻ, ഫ്രാങ്ക്സ്വെ സവിയെ ബുസ്തില്ലിയോയെയും, പരിശുദ്ധ പിതാവ് മെയ് മാസം പത്തൊൻപതാം തീയതി നിയമിച്ചു.


**നിഖ്യാ സൂനഹദോസിന്റെ ആയിരത്തിയെഴുനൂറാം വാർഷികത്തിന് തുടക്കമായി!**

പ്രഥമ സാർവ്വത്രിക സൂനഹദോസ് 325 മെയ് മാസത്തിലാണ് നിഖ്യയിൽ ചേർന്നത്. പ്രധാനമായും ആര്യൻ പാഷാണ്ഡതയെ ചെറുക്കുന്നതിന് റോമിന്റെ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റെയിൻ ഒന്നാമനാണ് ഈ സൂനഹദോസ് വിളിച്ചുകൂട്ടിയത്. പ്രഥമ സാർവ്വത്രികസൂനഹദോസായ നിഖ്യാ സുനഹദോസിന്റെ ആയിരത്തിയെഴുനൂറാം വാർഷികാചരണത്തിന് തുടക്കമായി. മെയ് 20ന്, ചൊവ്വാഴ്ചയാണ് മിക്ക ക്രൈസ്തവസഭകളും ആധികാരികമായി കണക്കാക്കുന്ന നിഖ്യാസൂനഹദോസിന്റെ വാർഷികാചരണം ആരംഭിച്ചത്. ക്രൈസ്തവസഭയ്ക്കെതിരെ ഉയർന്ന ആര്യൻ പാഷാണ്ഡതയെ ചെറുക്കുന്നതിന് റോമൻ ചക്രവർത്തി കോൺസ്റ്റന്റയിൻ ഒന്നാമൻ മുന്നൂറ്റിയിരുപത്തിയഞ്ചാം ആണ്ടിലാണ് ക്രൈസ്തവ ചരിത്രത്തിൽ നിർണ്ണായകമായിത്തീർന്ന ഒന്നാം നിഖ്യാ സൂനഹദോസ് വിളിച്ചുകൂട്ടിയത്. അക്കൊല്ലം (325) മെയ് മുതൽ ആഗസ്റ്റ് വരെയായിരുന്നു ഈ സൂനഹദോസ് ചേർന്നത്. ദൈവവുമായി സമാനത പങ്കിടുന്നവനെങ്കിലും യേശു ദൈവത്തിനു കീഴുള്ളവനും ദൈവത്തിന്റെ ആദ്യസൃഷ്ടിയുമാണെന്ന ആരീയുസ് എന്ന പുരോഹിതന്റെ സിദ്ധാന്തത്തെ ശക്തിയുക്തം എതിർത്ത ഈ സൂനഹദോസിന്റെ സംഭാവനയാണ് നിഖ്യാ വിശ്വാസപ്രമാണം. കത്തോലിക്കാ സഭയും കിഴക്കൻ ഓർത്തഡോക്സ് സഭകളും, ആംഗ്ലിക്കൻ കൂട്ടായ്മയും ലൂഥറൻ സമൂഹം ഉൾപ്പെടെയുള്ള ഭൂരിഭാഗം പ്രൊട്ടസ്റ്റന്റ് സഭാ സമൂഹങ്ങളും ഈ സൂനഹദോസിനെഅംഗീകരിക്കുന്നു.

**ചന്ദനത്തിര നിർമ്മാണത്തിൽ നിന്ന് സന്യാസത്തിലേക്ക്**

കെറുബാടി, ഒഡീഷ: ഭുവനേശ്വറിൽ ചന്ദനത്തിര നിർമ്മാണ ഫാക്ടറിയിൽ ജോലി ചെയ്തിരുന്ന 22 വയസുകാരിയായ പുഷ്പാഞ്ജലി നായക് ഇനി സന്യാസിനി. ഒഡീഷയിലെ കാണ്ടമാൽ ജില്ലയിലെ ഡാരിങ്ബാടി ഹോളി റോസറി പാരിഷ് കീഴിലുള്ള സെന്റ് ജോസഫ് സബ്സ്റ്റേഷൻ പള്ളിയിൽ നടന്ന തിരുക്കർമ്മത്തിലാണ് പുഷ്പാഞ്ജലി കോൺഗ്രിഗേഷൻ ഓഫ് തെരേസിയൻ കാർമലേറ്റ് (സിടിസി) സന്യാസിനിയായി നിത്യവ്രതം സ്വീകരിച്ചത്.

പരേതനായ കസ്പതിയുടേയും മുക്തിലോത നായകിന്റേയും അഞ്ചുമക്കളിൽ നാലാമതായി 2002 നവംബറിലാണ് പുഷ്പാഞ്ജലി ജനിച്ചത്. കുടുംബത്തിന്റെ സാമ്പത്തികബുദ്ധിമുട്ടുമൂലം പത്താം ക്ലാസിൽ പഠനം നിർത്തിയ 2019 ൽ ഭുവനേശ്വറിൽ ചന്ദനത്തിര നിർമ്മാണ ഫാക്ടറിയിൽ ജോലി തുടങ്ങി.


Solemn Holy
Communion
Johan Jofee
S/o. Jofee Josep & Dr. Haniny Jofee
Olakkengil House
Nehru Nagar, Kunnamkulam
Best Compliments From : Jonath Jofee & Joshua Jofee




# AGNA JOY

Joy Kanjirathingal & Simsha C V
Kanjirathingal House

***Best Compliment : Isabel Rose***

# തിരുഹൃദയത്തെ അടുത്തറിയാം



സിസ്റ്റർ ബെൻസി CMC

വിശുദ്ധ കുർബാനയുടെ തീരുനാൾ കഴിഞ്ഞ് 8-ാം ദിവസം വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാൾ കൊണ്ടാടുന്നു. ഈ പ്രത്യേക ദിവസം തിരഞ്ഞെടുത്തത് ഈശോ തന്നെയാണെന്ന് മർഗ്ഗരീത്ത മറിയം അലക്കോക്ക് എന്ന പുണ്യവതിയുടെ വെളിപാടുകളിൽ നിന്ന് വിശദമാണ്. ഫ്രാൻസിൽ പാരെലമോണിയയിലെ വിസിറ്റേഷൻ മഠത്തിലെ ഒരംഗമായിരുന്ന ഈ സഹോദരിക്ക് 1673 മുതൽ 1675 വരെ ഈശോയുടെ തിരുഹൃദയം പ്രത്യക്ഷമായി. ഈശോ തന്റെ ഹൃദയം നെഞ്ചിൽ വെച്ച് ഒരു വിരലുകൊണ്ട് താങ്ങി പിടിച്ചിരിക്കുന്നതായിട്ടാണ് കാണപ്പെട്ടത്. ഹൃദയത്തിന്റെ ഞെട്ടിൽ ഒരു കുരിശുണ്ടായിരുന്നു. അതിന്റെ കടയ്ക്കൽ നിന്ന് സ്നേഹാഗ്നിജ്വാല ഉയർന്നുപൊന്തി കുരിശിനെ വിഴുങ്ങാൻ ശ്രമിക്കുന്നതായി തോന്നും. ഒരു മുൾമുടി ഹൃദയത്തെ വലയം ചെയ്തിരുന്നു. വിശുദ്ധ മർഗ്ഗരീത്തയുടെ വിവരണമനുസരിച്ചാണ് ഈശോയുടെ തിരുഹൃദയം ഇന്ന് ചിത്രീകരിച്ചിട്ടുള്ളത്. ഈശോയ്ക്ക് മനുഷ്യരോടുള്ള സ്നേഹത്തിന്റെ പ്രതീകമായ മാംസളഹൃദയമാണ് തിരുഹൃദയ ഭക്തിയുടെ വിഷയം.

ഈശോയുടെ തിരുഹൃദയത്തെ അടുത്തറിയാൻ ശ്രമിക്കാം.

**ഒന്ന് : ജ്വാല**

ഈശോയുടെ തിരുഹൃദയത്തിന്റെ മുകളിൽ വിശുദ്ധ കുരിശിന്റെ പിന്നിലായി കാണപ്പെടുന്നു. മനുഷ്യ കുലത്തോടുള്ള സ്നേഹത്തെ പ്രതി തന്റെ ഹൃദയം ജ്വലിക്കുന്നതു എന്ന് സൂചിപ്പിക്കുന്നു.



**രണ്ട് : വിശുദ്ധ കുരിശ്**

ഈശോയുടെ തിരുഹൃദയത്തിന്റെ മുകളിൽ വിശുദ്ധ കുരിശ് കാണപ്പെടുന്നു. ഈശോ മർത്യകുലത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി ചെയ്ത ആ പരമയാഗത്തെ ഓർമ്മപ്പെടുത്തുന്നു.

**മൂന്ന് : മുൾമുടി**

ഈശോയുടെ തിരുഹൃദയത്തിന് ചുറ്റും കാണപ്പെടുന്നു. കാൽവരിയാത്രയിലും മരണത്തിലും ഈശോ ഏറ്റെടുത്ത സഹന ത്തേയും വേദനയേയും സൂചിപ്പിക്കുന്നു.

**നാല് : തിരുമുറിവും രക്തത്തുള്ളികളും**

ഈശോയുടെ തിരുഹൃദയത്തിൽ മുൾമുടിക്ക് താഴെയായി കാണപ്പെടുന്നു. കുരിശിൽ കിടക്കുമ്പോൾ തന്റെ പാർശ്വത്തിൽ കുന്തത്താൽ കുത്തപ്പെട്ട മുറിവും ചിന്തിയ രക്തവും.

നമുക്ക് പ്രാർത്ഥിക്കാം
യേശുവിൻ മാധുര്യമേറും ഹൃദയമേ
നിൻ മുമ്പിലാദരവോടെ നിൽപൂ
ഈ കുടുംബത്തിന്റെ ദൈവവും കർത്താവും
നീയാണേന്നേറ്റു ചൊല്ലുന്നു ഞങ്ങൾ!

## ഇടവകയിലേക്ക് സ്വാഗതം



**സിസ്റ്റർ ബെൻസി CMC**

സെന്റ് പോൾസ് കോൺവെന്റ്
കുരിയച്ചിറയിൽനിന്ന് സ്ഥലം
മാറി വന്ന സുപ്പീരിയർ
സിസ്റ്റർ ബെൻസി CMCക്ക്
ഇടവകയിലേക്ക് സ്വാഗതം



**സിസ്റ്റർ റെജി തെരേസ് CMC**

സെന്റ് ആൻസ് കോൺവെന്റ്
വെസ്റ്റ് ഫോർട്ട്, തൃശൂരിൽ നിന്ന്
സ്ഥലം മാറി വന്ന
സിസ്റ്റർ റെജി തെരേസ് CMCക്ക്
ഇടവകയിലേക്ക് സ്വാഗതം



**സിസ്റ്റർ നൈസി മരിയ CMC**

ഹോളി റെഡീമേഴ്സ് കോൺവെന്റ്
നടത്തറയിൽ നിന്ന്
സ്ഥലം മാറി വന്ന
സിസ്റ്റർ നൈസി മരിയ CMCക്ക്
ഇടവകയിലേക്ക് സ്വാഗതം

## വഴിവിളക്ക്

# പത്ത് കല്പനകൾ

**മൂന്നാം കല്പന**

" കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം"

"ഏഴാം ദിവസം സാബത്താണ്. കർത്താവിന് വിശുദ്ധമായ വിശ്രമദിനം" (പുറ. 31:15)

ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും... ദൈവത്തിനു നൽകേണ്ട ആരാധനയേയും കർത്തൃദിനത്തിന്റേതായ സന്തോഷത്തേയും മനസ്സിന്റേയും ശരീരത്തിന്റേയും മതിയായ വിശ്രമത്തേയും തടയുന്ന ജോലിയിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും വിശ്വാസികൾ മാറി നിൽക്കണം. (CCC 2193)

കർത്താവിന്റെ ദിവസം ആചരിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ തടയുന്ന കാര്യങ്ങൾ അത്യാവശ്യമില്ലാതെ ആരിൽ നിന്നും ഒരു ക്രൈസ്തവനും ആവശ്യപ്പെടരുത്.

**ചിന്താവിഷയം**

1. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ?
2. ഞായറാഴ്ചയുടെ വിശുദ്ധ കാക്കുവാൻ നാം എന്തെല്ലാം ചെയ്യുന്നു?

തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



**അനുമോദനങ്ങൾ**

ഏപ്രിൽ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**കൂളക്കത്ത് ജോയ് ജെസ്വിന്**

*ഇടവകയുടെ
അനുമോദനങ്ങൾ*

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ കെ.ജി. ബാബു സ്വാഗതം പറഞ്ഞു.
2. മാർച്ച്, ഏപ്രിൽ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ഇടവക ചെറിയ തിരുനാൾ ജന. കൺവീനർ സി.എം. സാംസൺ ഇടവക ചെറിയ തിരുനാൾ രൂപരേഖ അവതരിപ്പിച്ചു പാസ്സാക്കി.
4. പള്ളിയിൽ തിരുകർമ്മങ്ങൾക്ക് വീഡിയോ / ഫോട്ടോഗ്രാഫി എടുക്കുന്നതിന് 2000 രൂപയായി പുതുക്കി നിശ്ചയിച്ചു.
5. നിലവിലുള്ള നടത്ത് കൈക്കാരൻ കെ.ജി. ബാബുവിന്റെ കാലാവധി അവസാനിച്ചതിനാൽ പുതിയ നടത്തു കൈക്കാരനായി സി.എൻ. ഇമ്മാനുവേൽ ചുമതലയേറ്റു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ


| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 01-06-2025 | 6.00 pm | സെന്റ് ജോസഫ് | **വാർഷികം**<br>സെഹിയോൻ ശാല (ഇടവക പാരിഷ് ഹാൾ) |
| 08-06-2025 | 3.00 pm | സെന്റ് ആന്റണീസ് | **കരിപ്പേരി ജോണി എൽസി**<br>കക്കാട് ഗണപതിക്ഷേത്രത്തിന് സമീപം |
| 08-06-2025 | 4.00 pm | സെന്റ് തോമസ് | **മടുക്കക്കുഴി റീന ജെയിംസ്**<br>മേലങ്ങാടി |
| 15-06-2025 | 4.00 pm | സെന്റ് സേവ്യർ | **അന്തിക്കാട് അന്തോണി സജി**<br>ശാന്തി നഗർ |
| 15-06-2025 | 6.00 pm | സെന്റ് ജോർജ്ജ് | **വാർഷികം**<br>സെഹിയോൻ ശാല (ഇടവക പാരിഷ് ഹാൾ) |
| 22-06-2025 | 6.00 pm | മേരിമാതാ | **വാർഷികം**<br>സെഹിയോൻ ശാല (ഇടവക പാരിഷ് ഹാൾ) |



IHS
Solemn Holy
Communion
Aleena
D/o Prince Joy K & Riji Raphael
Kakkassery House, Madurakulam Road
Nr. UCO Bank, Kunnamkulam - 680503




| Merlin | Nithin |
|---|---|
| Mrs. Reena Tony & Mr. C.R. Tony | Mrs. Molly Paulson & Mr. K.P. Paulson |
| Chungath House | Chittilappilly Kunjappu House |
| Kakkad, Kunnamkulam | M.G. Kavu, Thriroor, Thrissur |

Sharing Happiness : Martin, Sneha, Catherin, Martina, Danel


25
ANNIVERSARY
25-06-2025
SILVER
JUBILEE
Year
P.J. TONY
SEENA TONY
Porathur Pallikunnath House
Kanippayyur - Kunnamkulam
Best Compliments From : AMITH TONY & ALAN TONY


Solemn Holy
Communion
JHS
Gracen Lolak
S/o Johnpaul P.J.
& Jeseentha Johnpaul
Punnathukalam House
Kakkad
Sharing Happiness : APPACHAN, AMMACHI

# സംഘടനാ വാർത്തകൾ

**കെ.എൽ.എം.**

* മെയ് 1ന് ഇടവകയിലെ തൊഴിലാളികളെ ആദരിച്ചു. അന്നേദിവസം 18 കുടുംബങ്ങൾക്ക് പച്ചക്കറി കിറ്റ് വിതരണം ചെയ്തു.
* മെയ് 4ന് കെ.എൽ.എം. ദിനത്തോട് അനുബന്ധിച്ച് പതാകവന്ദനം, അംഗങ്ങളുടെ കാഴ്ച സമർപ്പണം, കുടുംബസംഗമവും ആദരണീയവും നടത്തപ്പെട്ടു. തുടർന്ന് ഫുട്ബോൾ ഷൂട്ട്ഔട്ട് വിജയികൾക്കുള്ള സമ്മാനദാനവും സ്നേഹവിരുന്നും നടത്തി.

**മാതൃവേദി**

* മാതൃവേദിയുടെ ആനിമേറ്റർ ആയ മദറിന്റെ ഫീസ്റ്റ് കേക്ക് മുറിച്ച് ആഘോഷിച്ചു.
* മെയ് 31ന് വണക്കമാസം കാലംകൂടുന്നതിന്റെ ഭാഗമായി മേരി നാമധാരികളെ ആദരിക്കുകയും അന്ന് തന്നെ പായസവിതരണം നടത്തുകയും ചെയ്തു.

**പ്രാർത്ഥനാഗ്രൂപ്പ്**

* ഒമ്പതാംവെള്ളി ആചരണത്തിന്റെ ഭാഗമായി മെയ് 23ന് ഒൻപത് മണിക്കൂർ ആരാധനയ്ക്ക് നേതൃത്വം നൽകി.

**തിരുബാലസഖ്യം**

* ഏപ്രിൽ 30ന് കുട്ടികൾ തിരി തെളിയിച്ചു. ഡീക്കൻ അച്ഛന്റെ നേതൃത്വത്തിൽ ഫ്രാൻസീസ് മാർപാപ്പക്ക് അന്നിദാ ചൊല്ലി.
* മെയ് 1ന് ഓരോ യൂണിറ്റിലേയും മുതിർന്ന ജോസഫ് നാമധാരികളെ ആദരിച്ചു.
* മെയ് 25ന് ആദ്യാക്ഷരം കുറിക്കുന്ന കുഞ്ഞുങ്ങളെ എഴുത്തിനിരുത്തി.
* മെയ് 24ന് ഏഞ്ചൽസ് ഡേയുടെ ഭാഗമായി ഈ വർഷം ആഘോഷമായ ആദ്യകുർബാന സ്വീകരണം നടത്തിയ കുഞ്ഞുങ്ങളുടെ പ്രയർ സർവ്വീസ് മൂന്നാമത്തെ കുമ്പസാരം, കുർബാന സ്വീകരണത്തിന്റെ പ്രതിജ്ഞ പുതുക്കി നവീകരണം എന്നീ മൂന്ന് ശുശ്രൂഷകൾ നടത്തി. വി. കുർബാനക്കുശേഷം തിരുശേഷിപ്പ് ഹാളിലേക്ക് ഉള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുത്തു.
* മെയ് 30ന് പുതിയ അധ്യയന വർഷ ആരംഭത്തോട് അനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ഏകദിന ക്യാമ്പ് നടത്തി.

**യൂത്ത് സി.എൽ.സി.**

* മുൻ ആനിമേറ്ററായ സിസ്റ്റർ ജെസ്റ്റീനയ്ക്ക് യാത്രയയപ്പ് നൽകി.
* അതിരൂപത തലത്തിൽ ബെസ്റ്റ് മോഡൽ യൂണിറ്റിനുള്ള മൂന്നാം സ്താനവും ഫൊറോന തലത്തിൽ ബെസ്റ്റ് മോഡൽ യൂണിറ്റിനുള്ള ഒന്നാം സ്ഥാനവും ലഭിച്ചതിന്റെ കൃതജ്ഞത

ബലിയും ആഹ്ലാദപ്രകടനവും തുടർന്ന് അംഗങ്ങൾക്ക് ആദരണീയവും മെയ് 18 ഞായറാഴ്ച നടത്തപ്പെട്ടു.

* അന്നേദിനം സംഘടനയുടെ പുതിയ ആനിമേറ്ററായി ചാർജ്ജെടുത്ത സിസ്റ്റർ റെജി തെരേസിനെ സ്വാഗതം ചെയ്യുകയും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റ് വിതരണം നടത്തുകയും ചെയ്തു.

**അൾത്താര സംഘം**

* സംഘടനയുടെ നേതൃത്വത്തിൽ മെയ് 11 ഞായർ രാവിലെ 11 മുതൽ വൈകീട്ട് 5 മണി വരെ ആനായ്ക്കൽ ടർഫ് ക്ലബ്ബിൽ തീരദേശ ഫുട്ബോൾ ടൂർണമെന്റ് നടത്തപ്പെട്ടു.
* മെയ് 23ന് ജൂബിലി വർഷ വിളംബരത്തോടനുബന്ധിച്ച് സൈക്കിൾ റാലി നടത്തി.

**റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ**

* മെയ് 4ന് നടത്തപ്പെട്ട ആഘോഷമായ കുർബാന സ്വീകരണത്തിനോടനുബന്ധിച്ച് അൾത്താര ഭംഗിയായി അലങ്കരിച്ചു.

**ജൂനിയർ സി.എൽ.സി.**

* മെയ് 1ന് സമർപ്പിത സംഗമത്തിൽ സമർപ്പിതർക്ക് ആദരം നൽകി.
* മെയ് 25ന് ഇടവകയിലെ നാലിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങൾക്ക് ആദരം കൊടുത്തു.
* മെയ് 31ന് ജൂനിയർ സി.എൽ.സി.യുടെ നേതൃത്വത്തിൽ വണക്കമാസത്തിന്റെ ഭാഗമായി മരിയൻ രാവ് എന്ന പേരിൽ നൃത്താവിഷ്കാരം നടത്തി.

## സ്വാഗതം



**ഡീക്കൻ മിനിസ്ട്രിക്കായി
ജൂൺ മാസം മുതൽ
ഒക്ടോബർ മാസം വരെ
നമ്മുടെ ഇടവകയിലേക്ക്
സേവനം ചെയ്യാനായി കടന്നുവരുന്ന
ഡീക്കൻ
ആൻസൺ പന്നകത്തിൽ CSTക്ക്**

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ
ഇടവകയിലേക്ക് ഹൃദ്യമായ സ്വാഗതം**

# ചരിത്രനിമിഷം...!



നമ്മുടെ ഇടവക ദേവാലയത്തിൽ വെച്ച് നടത്തിയ 1500 തിരുശേഷിപ്പുകളുടെ പൊതുദർശനവും, വണക്കവും ഒരു ചരിത്ര സംഭവമായി മാറി. പൊതുദർശനത്തിനും വണക്കത്തിനുമുള്ള തിരുശേഷിപ്പുകൾ മെയ് 24 ശനിയാഴ്ച വൈകീട്ട് 8 മണിയോടെ എത്തിച്ചു. തുടർന്ന് ആരാധനക്കും വി. കുർബാനക്കും ശേഷം രാത്രി 11 മണിക്ക് ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപ്പുറത്തിന്റെ സാന്നിദ്ധ്യത്തിൽ ചിറളയം ഹോളിചൈൽഡ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ബെൻസി സി.എം.സി. ഉദ്ഘാടനം ചെയ്ത് പ്രദർശനവും വണക്കവും ആരംഭിച്ചു. തുടർന്ന് രാത്രി 12 മണിക്കും പുലർച്ചെ 3 മണിക്കും രാവിലെ 6 മണിക്കും, 9 മണിക്കും വൈകീട്ട് 5 മണിക്കും വി. കുർബാന ഉണ്ടായിരുന്നു.

തൃശൂർ അതിരൂപതയിൽ ആദ്യമായിട്ടാണ് 1500 തിരുശേഷിപ്പുകളുടെ പൊതുദർശനത്തിനും, വണക്കത്തിനുമുള്ള സൗകര്യം ഒരുക്കിയത്. കത്തോലിക്ക സഭയുടെ ജൂബിലി വർഷത്തിന്റെ ഭാഗമായി, 2013 ൽ റോമിൽ ധന്യനായ കാർലോ അക്യൂട്ടിസിന്റെ അമ്മയായ അന്റോണിയ സാൽസാനോയുടെ നേതൃത്വത്തിൽ സ്ഥാപിതമായ കാർലോ അക്യൂട്ടിസ് ഫൗണ്ടേഷൻ, അന്താരാഷ്ട്ര പ്രദർശനങ്ങളിലൂടെ വിശ്വാസികൾക്ക് ആഴമേറിയ ദൈവാനുഭവം സമ്മാനിക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ടാണ് ഈ പ്രദർശനം ഒരുക്കിയത്.

ഇന്ത്യയിൽ അറുപത് മഹത്തായ തീർത്ഥാടന കേന്ദ്രങ്ങളിലെ പ്രദർശനത്തിന് ശേഷം, അറുപത്തി ഒന്നാമത് പ്രദർശനമാണ്, ഫൗണ്ടേഷന്റെ ഏഷ്യൻ മിഷൻ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്ന റവ ഫാദർ എഫ്രേം കുന്നപ്പിളിയുടെ നേതൃത്വത്തിൽ, കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ ഒരുക്കിയത്.

ഈശോയുടെ മഹത്തായ കുരിശിന്റെ തിരുശേഷിപ്പ്, പരി

ശുദ്ധ മാതാവിന്റെ ശിരോവസ്ത്രത്തിന്റെ ഒരു ഭാഗം , വിശുദ്ധ ഔസേപ്പിതാവിന്റെ പാലിയത്തിന്റെ ഒരു ഭാഗം, പന്ത്രണ്ട് ശ്ലീഹൻമാരുടേയും, വിശുദ്ധരുടേയും, വേദപാരംഗതരുടേയും, വിശുദ്ധരുടേയും തിരുശേഷിപ്പുകൾ, നവതലമുറ വിശുദ്ധൻമാരായ ജോൺ പോൾ രണ്ടാമൻ, പിയോ, മദർ തെരേസ, കാർലോ അക്യൂട്ടിസ് തുടങ്ങിയവരുടെ 500 പ്രഥമ തരം തിരുശേഷിപ്പുകളും, 1000 ദ്വിതീയതരം പുണ്യാവശിഷ്ടങ്ങളും ഉൾപ്പെടെയുള്ള 1500 എ ബി സി കാറ്റഗറിയിലുള്ള തിരുശേഷിപ്പുകളാണ് ഇവിടെ ഒരുക്കിയിരുന്നത്.

ശനിയാഴ്ച രാത്രി 11 മണിക്ക് ആരംഭിച്ച പൊതുദർശനവും വണക്കവും ഞായറാഴ്ച രാത്രി 11 മണി വരെ തുടർന്നു. അതിരൂപതയിലെ വിവിധ ഇടവകകളിൽനിന്നും ഭക്തജനങ്ങളും നാനാജാതി മതസ്ഥരും ഇടതടവില്ലാതെ എത്തിയിരുന്നു. വളരെ വലിയ ജനത്തിരക്കാണ് ഇവിടെ അനുഭവപ്പെട്ടത്.

പരിപാടികൾക്ക് ഇടവക വികാരി റവ ഫാദർ ഡെയ്സൻ മുണ്ടോപുറം, കൈക്കാരൻമാരായ കെ.ജി. ബാബു,പോൾജു ബി ചുങ്കത്ത്, സി.എൻ ഇമ്മാനുവൽ, ജൂബിലി ആഘോഷ കമ്മറ്റി കൺവീനർ വർഗ്ഗീസ് ആന്റണി, കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**വി.സി. ജോസി** (പി.ആർ.ഒ.)
സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

## സ്വാഗതം



**സൺഡേ പാസ്റ്ററൽ മിനിസ്ട്രിയുടെ ഭാഗമായി വിശ്വാസപരിശീലന അധ്യാപകനായി നമ്മുടെ ഇടവകയിൽ സേവനം ചെയ്യാനായി കടന്നുവരുന്ന**

# ബ്രദർ ഹൃദേഷ് അഗസ്റ്റിന്

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ**
**ഇടവകയിലേക്ക് ഹൃദ്യമായ സ്വാഗതം**


ആഘോഷമായ
ദിവ്യകാരുണ്യ
സ്വീകരണം
2025

ആഗോള കത്തോലിക്കാ സഭയ്ക്ക് പുതിയ

# ഇടയൻ



## പത്രോസിന്റെ പിൻഗാമിയായി...
## ആഗോള കത്തോലിക്കാ സഭയെ നയിക്കാൻ
## തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ പിതാവ്

# ലിയോ പതിനാലാമൻ മാർപ്പാപ്പയ്ക്ക്

(കർദ്ദിനാൾ റോബർട്ട് ഫ്രാൻസീസ് പ്രെവോസ്റ്റ്)

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക സമൂഹത്തിന്റെ**

**പ്രാർത്ഥനാശംസകൾ**

# ഇടവക ആൽബം

## കരുണയുടെ തിരുനാൾ



## പുതിയതായി വന്ന സിസ്റ്റേഴ്സിന് സ്വീകരണം




## മദറിന്റെ ഫീസ്റ്റ് ആഘോഷം



## ലഹരിവിരുദ്ധ നൃത്തശില്പം



## എഴുത്തിനിരുത്തൽ ശുശ്രൂഷ



## പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റ് വിതരണം



# ഇടവക ആൽബം

എ.ബി.എ. രണ്ടാമത് തീരദേശ ഫുട്ബോൾ ടൂർണമെന്റ്





കെ.എൽ.എം. വാർഷിക ദിനം & കുടുംബസംഗമം



# ഇടവക ആൽബം

യൂത്ത് സി.എൽ.സി. Thanks Giving Day



ഒമ്പതാംവെള്ളിയാചരണം



എ.ബി.എ. അംഗത്വ സ്വീകരണം



1500 തിരുശേഷിപ്പുകളുടെ പൊതുദർശനം & വണക്കം



# ആദരാഞ്ജലികൾ



തൃശൂർ അതിരൂപതയിലെ വൈദികൻ

**റവ. ഫാ. ലിയോ പുത്തൂർ അച്ചന്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക സമൂഹത്തിന്റേയും, ടച്ച് – മീയുടെയും

## ആദരാഞ്ജലികൾ...

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |


Solemn Holy
Communion
Shijin P.P.
S/o. Prijil P.L. & Mrs. Sherly Prijil
Peramangalath House
Kakkad, Kunnamkulam
Sharing Happiness : Shibin


20-ാം ചരമവാർഷികം
16 - 06 - 2025
വലിയവീട്ടിൽ
തോമ ഭാര്യ
സിസിലി
ജനനം
01-01-1941
മരണം
16-06-2005
പ്രാർത്ഥനാശംസകളോടെ...
മക്കൾ : ഉഷ, ഗ്രേസി, ബാബു
വർഗ്ഗീസ് ഡോയി, സണ്ണി




SINCE 1949

THARAKANS ROYAL JEWELLERY ™

Near Veterinary Hospital, Pattambi Road, Kunnamkulam. Tel: 9207 211078
Thrissur Road, Kunnamkulam. Tel: 9400211078

KM Trading, Abu Shagara, Sharjah - UAE.
T: 06-5570879. M: 00971564465704

www.tharakansroyaljewellery.com

100% BUY BACK FOR DIAMOND VALUE · HUID CERTIFIED JEWELLERY · Certified by: INTERNATIONAL GEMOLOGICAL INSTITUTE

# മിഴിവിളക്ക്

## കാവൽ മാലാഖ

### 7. അക്കായിയ : "നല്ലവനും ക്ഷമാപൂർണനുമായ ദൈവം"
### (ഏപ്രിൽ 21 – 25 കാലയളവിൽ ജനിച്ചവർക്ക്)

ബുദ്ധിയുടേയും ധാരണശക്തിയുടേയും സ്രോതസ്സാണ് ഈ മാലാഖ. എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനും എല്ലാ ദുഃഖങ്ങളും തുടച്ചു നീക്കാനും എല്ലാ സങ്കീർണ്ണാവസ്ഥകളേയും മറികടക്കാനുമുള്ള വമ്പിച്ച പ്രായോഗിക ബുദ്ധി ഇദ്ദേഹം തരും. ഏതു കാര്യത്തിലും വസ്തുത എന്താണെന്ന് ഇദ്ദേഹത്തിന്റെ കാവലിലുള്ള വ്യക്തികൾക്ക് തിരിച്ചറിയാനാകും. ബുദ്ധിപരമായ പ്രവർത്തനങ്ങളിലും മതകാര്യങ്ങളിലും ശോഭിക്കും. മാധ്യമരംഗത്തുള്ളവർക്കും ഏറെ സഹായം.

പ്രാർത്ഥന : കാര്യങ്ങളുടെ സൂക്ഷ്മതയിലേക്കു കടന്നുചെന്ന് സത്യം കണ്ടെത്തുക എന്ന കഠിന ദൗത്യത്തിന് അങ്ങ് എന്നെ തെരഞ്ഞെടുക്കുകയാണെങ്കിൽ അവയുടെ സങ്കീർണതയിൽപ്പെട്ട് എന്റെ ബുദ്ധി കലങ്ങിപ്പോകാൻ ഇടവരുത്തരുതേ എന്റെ ബുദ്ധി എക്കാലവും നിത്യതയുമായി യോജിച്ചു പോകുമാറാകണമേ. ഭൗതികവസ്തുക്കളിൽ മറഞ്ഞിരുന്നാലും കാര്യങ്ങളുടെ അന്തസ്സത്ത മനസ്സിലാക്കാൻ എനിക്കു കഴിവു തരണമേ. എന്റെ ശ്രമങ്ങൾ ജനതയെ ഉന്നതസത്യങ്ങൾ തിരിച്ചറിയാൻ പ്രാപ്‌ തരാക്കുമാറാകട്ടെ. എന്റെ ബുദ്ധിയെ സൂക്ഷ്മതയോടെ നിലനിറുത്തുന്നതും മുന്നോട്ടു കൊണ്ടുപോകാനുള്ള ധൈര്യം തരേണമേ.

ഉപദേശം : ദൈനംദിന ജീവിതത്തിലെ നിന്റെ കൊച്ചു കൊച്ചു പ്രവൃത്തികളിൽ എന്റെ ശക്തി പ്രകടമാകും. ദൈവത്തിന്റെ കരവേലയായ ഈ പ്രകൃതിയെ സംരക്ഷിക്കുകയും, പരിപാലിക്കുകയും ചെയ്യുക.

"എനിക്ക് അറിയാം", എന്ന് അഹങ്കരിക്കരുത്. സത്യം മാറ്റത്തിനു വിധേയമാകയാൽ നീയത് നിരന്തരം തേടിക്കൊണ്ടിരിക്കുക.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

## അഭിനന്ദനങ്ങൾ



ഈ വർഷത്തെ സി.ബി.എസ്.ഇ. +2 പരീക്ഷയിൽ
മുഴുവൻ വിഷയങ്ങളിലും A1 നേടിയ, കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക
അംഗമായ മാന്നാംഗിരി ജോർജ്ജ് + ബീന ജോർജ്ജ് മകൾ

**ഏയ്ഞ്ചൽ മരിയ ജോർജ്ജിന്**

ഇടവക സമൂഹത്തിന്റെ അഭിനന്ദനങ്ങൾ

---



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

## സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ വാർഷികം

**2025 ജൂൺ 15 ഞായർ വൈകീട്ട് 5.30ന്**
**സെഹിയോൻ ശാലയിൽ** (ഇടവക പാരിഷ് ഹാൾ)

അദ്ധ്യക്ഷൻ : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

**കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**


| പ്രസിഡണ്ട് | ജോ. സെക്രട്ടറി | ട്രഷറർ |
|---|---|---|
| **വി.എ. ജോസ്** | **ഷോബി റോണാൾഡ്** | **പി.എ. ലില്ലി** |



# വെള്ളപ്പാണ്ട്

ഡോ. പോൾ സി. റാഫേൽ

വളരെ പുരാതനകാലം മുതലെ അറപ്പോടും വെറുപ്പോടും ഭയപ്പെടുത്തുന്ന ഒരു ചർമ്മരോഗമാണ് വെള്ളപ്പാണ്ട്. ക്രിസ്തുവിന് ആറായിരം വർഷം മുമ്പ് ഈ രോഗത്തെക്കുറിച്ച് അന്നത്തെ ജനതക്ക് അറിയാമായിരുന്നു. ഈ രോഗത്തെ വിറ്റിലോഗോ എന്ന പേരിലും അറിയപ്പെടുന്നു. രോഗത്തെ ഭയന്ന് ജനങ്ങൾ അവരിൽനിന്ന് അകന്ന് കഴിയേണ്ടതില്ല. കാരണം ഇതൊരു പകരുന്ന രോഗമല്ല. അതുകൊണ്ട് രോഗികൾ ഒന്നിച്ച് താമസിക്കുന്നതിനോ ഇടപഴകുന്നതിനോ ഒരു കുഴപ്പവുമില്ല. രോഗികളെ അകറ്റി നിർത്തുമ്പോൾ അവർക്ക് മാനസികമായ വിഷമം ഉണ്ടാവുകയും രോഗത്തിന് തീവ്രത കൂടുവാനും സാധ്യതയുണ്ടാകും. അവരുമായി സൗമ്യമായ പെരുമാറ്റം ഉണ്ടായിരിക്കേണ്ടതാണ്. രോഗം ഒരാളിൽ പിടിപെട്ടാൽ മാറികിട്ടാൻ ചിലപ്പോൾ വളരെ മാസങ്ങൾ കാത്തിരിക്കേണ്ടി വന്നേക്കും. ആ സമയം വരെ ക്ഷമ കൈകൊള്ളണം. രോഗം ഉണ്ടായ ചർമ്മഭാഗങ്ങൾ നിറം ഉണ്ടായി വരാൻ കാലതാമസമെടുക്കും. ഇതൊരു മാരകരോഗമല്ലെന്ന് രോഗിയും മറ്റുള്ളവരും തിരിച്ചറിയണം, മനസ്സിലാക്കണം. വെള്ളപ്പാണ്ട് ലോകത്തിലെ മിക്ക രാജ്യങ്ങളിലും കണ്ടുവരുന്നു. ചർമ്മത്തിലെ മെലിനോ സൈറ്റുകൾ എന്ന കോശങ്ങളാണ് ശരീരത്തിന് നിറം ഉല്പാദിപ്പിക്കുന്നത്. ഈ കോശ



## ഞങ്ങൾ ഒന്നായ്

- ഈ ഇടവക സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ ചുങ്കത്ത് ടോണി + റീന മകൾ **മെർലിൻ**

തിരൂർ ഇടവക, ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു പോൾസൺ + മോളി മകൻ **നിധിൻ**



ങ്ങൾ ഏതെങ്കിലും കാരണവശാൽ നശിച്ചുപോവുകയോ പ്രവർത്തനരഹിതമായി തീരുകയോ ചെയ്യുമ്പോൾ ചർമ്മത്തിന്റെ ആ ഭാഗം വെള്ളപ്പാണ്ടായി രൂപാന്തരപ്പെടുന്നു. ഏകദേശം 25% ഈ രോഗം പാരമ്പര്യമായി കണ്ടുവരുന്നു. മുറിവുകൾ എന്നിവ മൂലം നശിക്കുന്ന ഭാഗങ്ങൾ വെളുത്ത നിറം ആയി മാറാൻ വളരെ സാധ്യതയുണ്ട്. ഇതിനെ ലൂക്കോഡർമ എന്നു പറയപ്പെടുന്നു. പ്ലാസ്റ്റിക്, റബ്ബർ മുതലായവയിലുള്ള ചെരിപ്പുകൾ തൊടുന്ന ശരീരഭാഗത്ത് ചിലർക്ക് ഈ നിറം കാണാം. ഈ രോഗത്തിനെല്ലാം തന്നെ ശമനം നൽകാൻ പ്രോട്ടീൻ, വിറ്റാമിനുകൾ എന്നിവ അടങ്ങിയ പോഷകാഹാരം വളരെ അത്യാവശ്യമാണ്. വൈറ്റമിൻ ബി, മാംസ്യം ഇവയുടെ കുറവുകൾ വെള്ളപ്പാണ്ടിന് കാരണമാകുന്നു. അതുകൊണ്ട് ഇവ ധാരാളമായി കഴിക്കുക. അതുപോലെ രോഗം ഇല്ലാതാക്കാൻ സോറാലിൻ (Psoralen) പെട്ട മരുന്നുകൾ ഉപയോഗിക്കാം. ഏതായാലും അതിനൊക്കെ ഒരു വിദഗ്ദ്ധ ചർമ്മരോഗ ചികിത്സകന്റെ നിർദ്ദേശം സ്വീകരിക്കുന്നത് നന്നായിരിക്കും. ആയുർവേദത്തിലും ഇതിന് ഫലപ്രദമായ ചികിത്സയുണ്ടെന്നാണ് അറിയുന്നത്.




കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

**മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം**

**2025 ജൂൺ 22 ഞായർ വൈകീട്ട് 5.30ന്**
**സെഹിയോൻ ശാലയിൽ** (ഇടവക പാരിഷ് ഹാൾ)

അദ്ധ്യക്ഷൻ : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

**കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**

പ്രസിഡണ്ട്
**വി.ജെ. സുനിൽ**

സെക്രട്ടറി
**അനു അഭിലാഷ്**

ട്രഷറർ
**വി.ജെ. മിക്കി**


സ്മരണാഞ്ജലി
13-ാം ചരമവാർഷികം
കല്ലച്ചൻമുറി പൈലി
ജോർജ്ജ്
ജനനം : 24 – 05 – 1945
മരണം : 19 – 06 – 2012
കല്ലച്ചൻമുറി ഹൗസ്
ലോവർ ബസാർ, ചിറളയം, കുന്നംകുളം
സന്തപ്ത കുടുംബാംഗങ്ങൾ


സ്മരണാഞ്ജലി
41-ാം ചരമവാർഷികം
29-06-2025
പൊറത്തൂർ പള്ളിക്കുന്നത്ത്
വാറുണ്ണി
ജോണി
തൃശൂർ റോഡ്, കുന്നംകുളം
ഭാര്യ : സിസിലി ജോണി
മക്കൾ, മരുമക്കൾ
പേരക്കുട്ടികൾ


ചിൽഡ്രൻസ് കോർണർ



# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :..................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Annie Varghese , Class : VII, St. Thomas Kudumbakoottayma

*വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്

പാചക കോർണർ

# ചെമ്മീൻ അച്ചാർ

ബിന്ദു രാജു



**ചേരുവകൾ**

വറ്റൽ മുളക് - 20 എണ്ണം
വെളുത്തുള്ളി - 6 അല്ലി
ജീരകം - 1 ടീസ്പൂൺ
കടുക് - 1 ടീസ്പൂൺ
മഞ്ഞൾ - 1/2 ടീസ്പൂൺ
ഉപ്പ് - പാകത്തിന്
നല്ലെണ്ണ - ആവശ്യത്തിന്

**പാചകവിധി :-**

മേൽപ്പറഞ്ഞ സാധനങ്ങളെല്ലാം വിനാഗിരി തൊട്ടരച്ചു മീനിൽ പുരട്ടി ഒരു മമിക്കൂർ വെയ്ക്കുക. അതിനുശേഷം എണ്ണയിൽ വറുത്തുകോരി മാറ്റി വെയ്ക്കുക. ഒരു ദിവസം കഴിഞ്ഞു പാകം ചെയ്യുക.

വറ്റൽ മുളക് - 15 എണ്ണം
കടുക് - 1 ടീസ്പൂൺ
ജീരകം - 1 നുള്ള്
വെളുത്തുള്ളി - 6 അല്ലി
ഇവ വിനാഗിരി തൊട്ടരച്ചു വെയ്ക്കുക
പച്ചമുളക് - 10 എണ്ണം
ഇഞ്ചി - 1 കഷണം
ഇവ അരിഞ്ഞു വെവ്വേറെ വെയ്ക്കുക
കറിവേപ്പില - 2 ഇതൾ
വെളുത്തുള്ളി - 75 ഗ്രാം

ഒരു ചട്ടിയിൽ അരപ്പു മുങ്ങാൻ ആവശ്യമുള്ള നല്ലെണ്ണ ചൂടാക്കി അരിഞ്ഞു വെച്ചിരിക്കുന്ന സാധാനങ്ങൾ വെവ്വേറെ വഴറ്റികോരിയെടുക്കുക. പിന്നീട് അരപ്പിട്ടുവെച്ച് വിനാഗിരിയും ആവശ്യത്തിന് ഉപ്പും ചേർത്ത് തിളപ്പിച്ച് വാങ്ങുക. തണുക്കുമ്പോൾ വാട്ടിവെച്ചിരിക്കുന്ന സാധനങ്ങളും മീനുമിട്ടു മെല്ലെ ഇളക്കി ഭരണിയിലാക്കി മൂടിക്കെട്ടി വെയ്ക്കുക. ചാറു ഉണ്ടായിരിക്കണം.

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : .....................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Amal Joe Alappat**

Std : IV, Mary Matha Kudumbakoottayma

*“ഇതേതാടാ വേറെ രണ്ട് പട്ടികൾ ഒന്ന് കുരച്ചാലോ”*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## 2025 ജൂൺ JUNE

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **01**<br>ഏശയ്യാ 6:1–13<br>ശ്ലീഹ 1:15–26<br>ഫിലി 2:1–11 (1:27–2:11)<br>മർക്കോ 16:14–20 (16:9–20) | **02**<br>2 തെസ 2:13–17<br>യോഹ 4:3–15 | **03**<br>1 കോറി 8:8–13<br>ലൂക്കാ 12:13–21 | **04**<br>1 യോഹ 4:12–21<br>യോഹ 17:1–5 | **05**<br>1 യോഹ 1:1–3<br>ലൂക്കാ 14:25–35 | **06**<br>1 യോഹ 2:22–25<br>മത്താ 24:7–14 | **07**<br>ഗലാ 2:19–21<br>മത്താ 25:31–40 |
| **08**<br>പുറ 19:1–9(19:1–9+20:18–21)<br>ശ്ലീഹ 2:1–13(2:1–21)<br>1 കോറി 12:1–11(12:1–27)<br>യോഹ 16:5–15(14:15–16, 25–26,15:26–16:15) | **09**<br>1കോറി 14:26–33<br>മത്താ 11:25–30 | **10**<br>2 തെസ 1:3–12<br>മത്താ 20:29–34 | **11**<br>1കോറി 11:31–34എ<br>മത്താ 13:31–35 | **12**<br>ഹെബ്രാ 8:7–13<br>യോഹ 2:13–25 | **13**<br>1കോറി12:31–13:13<br>(12:28–13:13)<br>ലൂക്കാ 7:11–23(7:1–23) | **14**<br>1 കോറി 12:12–20<br>യോഹ 6:25–29 |
| **15**<br>ജോയേ 2:18–26(2:15–26)<br>ശ്ലീഹ 4:8–22(4:5–22)<br>റോമാ 5:1–5<br>യോഹ 16:12–15 | **16**<br>ഫിലി 3:16–21<br>യോഹ 11:17–27 | **17**<br>1 കോറി 9:1–12<br>യോഹ 6:64–71 | **18**<br>1 കോറി 6:12–20<br>യോഹ 6:37–44 | **19**<br>1 കോറി 11:23–30<br>(10:15–17+11:23–30)<br>യോഹ 6:51–59<br>(6:51–64) | **20**<br>1കോറി 3:18–23<br>യോഹ 6:45–50 | **21**<br>1 കോറി 10:14–22<br>യോഹ 6:1–15 |
| **22**<br>നിയ 1:5–8(1:3–17)<br>ഏശ 1:1–9<br>1 കോറി 7:1–7<br>ലൂക്കാ 10:25–37 (10:23–42) | **23**<br>1 കോറി 12:18–27<br>യോഹ 6:30–36 | **24**<br>1 കോറി 4:15–21<br>മത്താ 18:6–9 | **25**<br>1 കോറി 3:1–9<br>ലൂക്കാ 8:4–15 | **26**<br>ഹെബ്രാ 3:7–13<br>യോഹ 5:24–29 | **27**<br>റോമാ 10:1–10 (9:30–10:17)<br>യോഹ 19:30–37<br>(മത്താ 11:25–30+യോഹ 19:30–37) | **28**<br>2 തിമോ 3:14–17<br>യോഹ 14:26–30 |
| **29**<br>നിയ 1:16–18(1:16–33)<br>ഏശ 1:10–20<br>1കോറി 9:19–27 (9:13–27)<br>ലൂക്കാ 6:27–36(6:17–46) | **30**<br>2 കോറി 1:3–7<br>മർക്കോ 5:25–34 | 01<br>1 ഫിലി 1:12–18<br>ലൂക്കാ 10:36–42 | 02<br>1 കോറി 15:31–34<br>മത്താ 14:22–33 | 03<br>എഫേ 2:19–22<br>യോഹ 20:24–29 | 04<br>ഗലാ 2:15–18<br>മർക്കോ 5:21–24 35–43 | 05<br>2 കോറി 2:12–17<br>മർക്കോ 1:40–45 |




# Reuben John Thachil

S/o. Bagyalakshmi & Earnesto Thachil

Best wishes:Esrsa John Thachil (Masha Mole)
Ammamma, Appapa,
Dr. Madonna T. Thachil & Fr. Fidel Thachil





# ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മെഡിക്കൽ ലബോറട്ടറി

എല്ലാവിധ ലബോറട്ടറി പരിശോധനകളും കുറഞ്ഞ നിരക്കിൽ,
ഹെൽത്ത് കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ എടുക്കാൻ സൗകര്യം,
ഹോം കളക്ഷൻ സർവീസ് മുൻകൂട്ടി ബുക്കിംഗ് പ്രകാരം വീടുകളിൽ
നിന്നും സാമ്പിൾ ശേഖരിക്കുന്നു.

## MIKHAEL

**BIO TECH DIAGNOSTICS CENTER**

ലബോറട്ടറി, ഇ.സി.ജി.

**Tharakans Complex Mattom, Thrissur Dist, Kerala - 680602**
**Ph: +91 828982 4444**

### Opening Soon at

| | | | |
|---|---|---|---|
| Aloor, Thrissur Dist., Kerala - 680602. | Church Complex, Edakalathoor, Thrissur Dist., Kerala - 680552. | Liwa Tower, Kunnamkulam, Thrissur Dist., Kerala -680503. | Al- Falah Complex, Nayarangadi, Vylathur, Thrissur Dist., Kerala -679563. |

**ANJOOR** | **CHOWANNUR** | **THOLUR** | **KOLANGATTUKARA** | **ELAVALLY**
**PUVATHUR** | **CHITTATTUKARA** | **CHOWALLUR** | **THALAKKOTTUKARA** | **PAVARATTY KAVALA**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM